## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4945**

**04.07.2012 -ൽ മറുപടിയ്ക്ക്**

**ബൈക്കുകളിൽ ഇറച്ചിക്കോഴി കടത്തൽ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകളിൽ കൂടി ബൈക്കുകളിൽ നികുതി വെട്ടിച്ച് ഇറച്ചിക്കോഴി കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ ചെക്ക് പോസ്റ്റുകളിൽ കൂടിയാണ് ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തുന്നത് ; | (ബി) | തിരുവനന്തപുരം ജില്ലയിലെ അമരവിള, പാലക്കാട് ജില്ലയിലെ കന്നിമാരി, വാളറ എന്നീ ചെക്ക്പോസ്റ്റുകളിലാണ് ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തുന്നത്. |
| (സി) | ഇതുവഴി പ്രതിദിനം സംസ്ഥാന ഖജനാവിന് വരുന്ന നഷ്ടം എത്ര ; വ്യക്തമാക്കുമോ ; | (സി) | നികുതി വെട്ടിപ്പു നടത്തുമ്പോഴുള്ള കോഴിയുടെ തൂക്കവും അതിന്റെ അന്നത്തെ വിലയും കണക്കാക്കിയാണ് നികുതി വെട്ടിപ്പ് കണക്കാക്കുന്നത്. ആയതിനാൽ പ്രതിദിനമുള്ള നഷ്ടം കണക്കാക്കാൻ കഴിയില്ല. |
| (ഡി) | ഇത്തരത്തിൽ നികുതി വെട്ടിച്ച് ഇറച്ചിക്കോഴി കൊണ്ടു പോകുന്നവർക്ക് ചെക്ക് പോസ്റ്റിലെ ചില ഉദ്യോഗസ്ഥർ ഇപ്പോൾ കൂട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ ; ഉണ്ടെ-ങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (ഇ) | ഇത്തരത്തിൽ നികുതി വെട്ടിച്ച് ബൈക്കുകളിൽ ഇറച്ചിക്കോഴി കടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (ഇ) | നികുതി വെട്ടിച്ച് ബൈക്കുകളിൽ ഇറച്ചിക്കോഴി കടത്തുന്നവർക്ക് എതിരെ കർശന നടപടി സ്വീകരിക്കുവാൻ സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പോലീസ് സഹായം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പിടികൂടുന്നവരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ്, വാഹനപ്പിഴ എന്നിവ ഈടാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ